വളരെ ഗൗരവമുള്ള വിഷയമായതുകൊണ്ട് ആ ഗൗരവം കണക്കിലെടുത്ത് കേന്ദ്രഗവൺമെന്റിൽനിന്ന് അനുവാദം വാങ്ങി എത്രയുംവേഗം ഈ നിയമം നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. വളരെ ന്യായമായി അവർ ഉന്നയിച്ചിരിക്കുന്ന കാര്യമാണ്. അസംഘടിതരായിട്ടുള്ള ഒരു വിഭാഗമാണ്. അവരുടെ കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ടെക്നീഷ്യന്മാരുടെ നിയമനത്തിന് ഇപ്പോൾതന്നെ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നിലവിലുണ്ട്. ഡിപ്ലോമയും എം.എൽ.ടി. യുമാണ് യോഗ്യത. അതല്ലാതെയുള്ള യോഗ്യതകൊണ്ട് അംഗീകാരം നൽകാൻതക്ക നിയമമൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല. പാരാമെഡിക്കൽ കൗൺസിൽ രൂപീകരിക്കുന്നതിൽ അഖിലേന്ത്യാനയം ആവശ്യമായതിനാൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെടേണ്ടതുണ്ട്. നിർദ്ദിഷ്ട കൗൺസിലിന്റെ പ്രവർത്തനവും നയവും അതിനുശേഷമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. നേരത്തേതന്നെ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. 1995-ലെ ഒരു കരട് ബിൽ ഇപ്പോൾ ഗവൺമെന്റ് പുനഃക്രമീകരിക്കുന്നതിനുവേണ്ടി പുറത്തെടുത്തിരിക്കുകയാണ്. അടുത്ത പ്രാവശ്യം നിയമസഭയിൽ ഇത് കൊണ്ടുവരണമെന്നും ആഗ്രഹിക്കുന്നു. ആ ബിൽ പൂർത്തിയായി വരുമ്പോൾ ജോലി സ്ഥിരത, ക്ഷേമനിധി, ഇൻഷ്വറൻസ് എന്നീ കാര്യങ്ങൾ ആ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ച ചെയ്യാവുന്നതാണ്. ഇത് സജീവമായി പരിഗണിക്കപ്പെടേണ്ട ഒരു വിഷയമാണ്.

(19) മാള നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ശ്രീ. യു. എസ്. ശശി : സർ, മാള നിയോജകമണ്ഡലത്തിൽ വർഷങ്ങൾക്ക് മുമ്പ് തുടങ്ങിവച്ച ലിഫ്റ്റ് ഇറിഗേഷൻ പണികൾ പൂർത്തീകരിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിലുള്ള കാലതാമസത്തെക്കുറിച്ചുമാണ് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കൊണ്ടഴിഞ്ഞാൽ കോട്ടമുറി ലിഫ്റ്റ് ഇറിഗേഷന്റെ പൈപ്പ് കുഴിച്ചിടൽ കഴിഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞു. പമ്പ്ഹൗസ്, ലീഡിംഗ് ചാനൽ നിർമ്മിക്കൽ, മോട്ടോർ ഫിറ്റുചെയ്യൽ തുടങ്ങിയ പണികൾ നടത്തേണ്ടതുണ്ട്. അഷ്ടമിച്ചിറ-പുത്തൻച്ചിറ ലിഫ്റ്റ് ഇറിഗേഷന്റെ പണികളും നിറുത്തിവച്ചിരിക്കുകയാണ്. പമ്പ്ഹൗസ് നിർമ്മിക്കൽ മോട്ടോർ ഫിറ്റുചെയ്യൽ ഉൾപ്പെടെയുള്ള പണികൾ നടത്തേണ്ടതുണ്ട്. രണ്ട് ലിഫ്റ്റ് ഇറിഗേഷൻ പണികളും പൂർത്തീകരിക്കാൻ അടിയന്തിര നടപടികളുണ്ടാകണം. കുഴൂർ പഞ്ചായത്തിൽ 7 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ തകരാറിലാണ്. വഞ്ചിപുരത്താകം, തുമ്പരശ്ശേരി, വട്ടക്കുളം, കൊമ്പുകടവ്, തട്ടാൻതോട് എന്നീ സ്കീമുകളിലെ മോട്ടോറുകൾ പലതും പ്രവർത്തിക്കുന്നില്ല. പല മോട്ടോറുകളും വളരെ പഴക്കമുള്ളതാണ്. മോട്ടോറുകൾ പലതും മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. വൈദ്യുതി ബോർഡിൽ പൈസ അടയ്ക്കാത്തതുകൊണ്ട് വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

കണക്ഷൻ കൊടുക്കുന്നില്ല. ഈ രണ്ട് ലിഫ്റ്റ് ഇറിഗേഷൻ പണികൾ പൂർത്തീകരിക്കുകയും പ്രവർത്തിക്കാത്ത മോട്ടോറുകൾ അടിയന്തിരമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, മാള നിയോജകമണ്ഡലത്തിലെ അഷ്ടമിച്ചിറ, പുത്തൻ ചിറ എന്നീ രണ്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളെ യോജിപ്പിക്കുന്നതിന് ചെംപാളൂരിലുള്ള ഒരു പമ്പുഹൗസ് പുതുക്കി പണിയുന്നതിനാവശ്യമായ സ്ഥലം ഇതുവരെ ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അഷ്ടമിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് ആവശ്യമായ 700 മില്ലീ മീറ്റർ വ്യാസമുള്ള പ്രീമോ പൈപ്പുകൾക്കു പകരം പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ സൂക്ഷ്മ പരിശോധനയിലാണ്. പമ്പ്, മോട്ടോറുകൾ ഇവയുടെ രൂപകൽപ്പന അംഗീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് വിശദമായ പഠനത്തിനുശേഷം അനുമതി നൽകുന്നതാണ്. മാള-കോട്ടമുറി-കൊണ്ടഴിഞ്ഞാൽ ഇറിഗേഷൻ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തൃശ്ശൂർ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ചുകൊണ്ടിരിക്കുന്നു. ഉഴവൂർ പഞ്ചായത്തിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ അറ്റകുറ്റപ്പണികൾ ഗ്രാമ പഞ്ചായത്തുവഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വഞ്ചിപുരത്താഴം, വട്ടക്കുളം, കൊമ്പുകടവ്, പത്താംതോട് എന്നീ പദ്ധതികളുടെ മോട്ടോറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ അനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അത് ചെയ്തുതീർക്കുന്നതാണ്. ബാക്കി പണികൾ ജലസേചന വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേനയും ചെയ്തു തീർക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(20) ടാർ ദൗർബല്യംമൂലം റോഡുകളുടെ സർഫസിംഗ് തടസ്സപ്പെട്ടിരിക്കുന്നത് സംബന്ധിച്ച്

ശ്രീ. ബി. വിജയകുമാർ : സർ, ടാർ ലഭ്യമാകാത്തതിന്റെ ഫലമായി സംസ്ഥാനത്ത് റോഡുകളുടെ റീസർഫസിംഗ് പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. കൊച്ചിൻ റിഫൈനറിയിൽനിന്നാണ് ടാർ ലഭ്യമാകുന്നത്. മുൻപ് ബുക്ക് അഡ്ജസ്റ്റുമെന്റിൽ ടാർ കിട്ടുമായിരുന്നു. പിന്നീട് പേമെന്റ് കൊടുത്താലേ ടാർ ലഭ്യമാകൂവെന്നായി. ഇപ്പോൾ പണം മുൻകൂറായി അടച്ചിട്ടും പി. ഡബ്ല്യു. ഡി. ക്ക് കൊച്ചിൻ റിഫൈനറിയിൽനിന്നും ടാർ കിട്ടുന്നില്ല. ലക്ഷക്കണക്കിന് രൂപ കൊച്ചിൻ റിഫൈനറിയിൽ അടച്ചിട്ട് ഇപ്പോൾ ടാർ കിട്ടുന്നില്ല. അതേസമയം കൊച്ചിൻ റിഫൈനറിയിൽനിന്നും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ടാർ കൊടുക്കുകയും ചെയ്യുന്നു. അടുത്തകാലത്ത് കർണ്ണാടകയിലേയ്ക്ക് കൊടുത്തു. നമ്മുടെ സംസ്ഥാനത്തിലെ റോഡുകളുടെ പണി സ്തംഭിച്ചിരിക്കുന്നതിനാൽ അടിയന്തിരമായി കേന്ദ്ര പെട്രോളിയം

LIBRARY ARCHIVES Kerala Legislative Assembly